പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1321

20.01.2014 ൽ മറുപടിക്ക്

**റേഷൻ വിതരണസമ്പ്രദായം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ:<br>ശ്രീമതി കെ.കെ. ലതിക:<br>ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ):<br>ശ്രീമതി കെ.എസ്. സലീഖ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) റേഷൻ കടകൾ വഴിയുള്ള ഭക്ഷ്യ വസ്തുക്കളുടെ വിതരണം പ്രതി സന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ ; എങ്കിൽ ഇതിനുള്ള കാരണം പരിശോധിക്കുകയും പരിഹാരനട പടികൾ സ്വീകരിക്കുകയും ചെയ്തി ട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച പരി ഹാര നടപടികൾ വിശദമാക്കുമോ : | (എ) ഇല്ല; |
| (ബി) കാർഡുടമകൾക്ക് വിതരണം ചെയ്യുന്ന ധാന്യവിഹിതം വെട്ടിക്കുറ യ്ക്കുകയുണ്ടായോ; ഏതെല്ലാം ധാന്യങ്ങൾ എത്ര അളവിലാണ് കുറവ് വരുത്തിയിട്ടുള്ളതെന്ന് വ്യക്ത മാക്കാമോ; | (ബി) നവംബർ 2013 മാസം മുതൽ കേന്ദ്ര സർക്കാർ ഭക്ഷ്യധാന്യങ്ങളുടെ പ്രതി മാസ വിട്ടെടുക്കൽ 122724 മെ.ടൺ ആയി പരിമിതപ്പെടുത്തി നിബന്ധന പുറപ്പെടു വിച്ചതു കാരണം എ.പി. എൽ. കാർഡു ടമകൾക്ക് ഗോതമ്പ് വിഹിതം നൽകു ന്നില്ല. പകരം പ്രതിമാസം 2 കിലോഗ്രാം വീതം ആട്ട നൽകുന്നുണ്ട്. കൂടാതെ 2014 ജനുവരി മുതൽ ആവശ്യമുള്ള എ.പി.എൽ കാർഡുടമകൾക്ക് എം.എസ്. പി. നിരക്കിലുള്ള ഗോതമ്പ് 5 കിലോ ഗ്രാം വീതം വിതരണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്; |
| (സി) റേഷൻ കടകളിൽ ഗോതമ്പിന്റെയും പച്ചരിയുടെയും വിതരണം പൂർണ്ണ മായും നിർത്തിവെച്ചിട്ടുണ്ടോ; ഈ ധാന്യങ്ങൾ മാസങ്ങളായി കാർഡു ടമകൾക്ക് ലഭിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ഇല്ല; ബി.പി.എൽ. കാർഡുടമകൾക്ക് 5 കിലോഗ്രാം ഗോതമ്പ് വീതം എല്ലാ മാസവും നൽകുന്നുണ്ട്. എ.പി.എൽ. കാർഡുടമകൾക്ക് 2013 നവംബർ മാസം മുതൽ ഗോതമ്പ് നൽകുന്നില്ല പകരം ആട്ട നൽകുന്നുണ്ട്. പച്ചരി എല്ലാ റേഷൻകടകളിലും ലഭ്യമാണ്; |

(ഡി) കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ റേഷൻ വിഹിതത്തിൽ കുറവു വരുത്തിയതാണോ പ്രസ്തുത അവസ്ഥയ്ക്ക് കാരണമായിട്ടുള്ളത്;

(ഡി) കേന്ദ്ര സർക്കാർ പ്രതിമാസ വിട്ടെടുപ്പ് 122724 മെ.ടണ്ണിൽ കുടാൻ പാടില്ലാ എന്ന് നിബന്ധന ഏർപ്പെടുത്തിയതുമൂലമാണ് എ.പി.എൽ. കാർഡുടമകൾക്ക് ഗോതമ്പ് വിഹിതം നൽകാൻ കഴിയാത്തത്;

(ഇ) അനുവദിക്കപ്പെട്ട ഭക്ഷ്യധാന്യം പൂർണ്ണമായി ഏറ്റെടുത്ത് യഥാസമയം കാർഡുടമകൾക്ക് വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിലുണ്ടായ വീഴ്ച എന്തായിരുന്നെന്ന് വിശദമാക്കുമോ;

(ഇ) നോർമൽ അലോട്ട്മെന്റ് പൂർണ്ണമായും വിട്ടെടുത്ത് ഗുണഭോക്താക്കൾക്ക് വിതരണം നടത്തുന്നുണ്ട്. എന്നാൽ ഉയർന്ന നിരക്കിലുള്ള അരിയും ഗോതമ്പും പൂർണ്ണമായും വിട്ടെടുപ്പ് സാധ്യമായിട്ടില്ല. ഉയർന്ന നിരക്കായതിനാൽ ചിലവ് കുറവായതിനാലാണ് പൂർണ്ണമായും വിട്ടെടുപ്പ് സാധ്യമാകാത്തത്;

(എഫ്) റേഷൻ വസ്തുക്കൾ കരിഞ്ചന്തയിൽ വിറ്റഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ചുരുക്കം ചില സംഭവങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇത് തടയുന്നതിനായി റെയ്ഡുകളും കർശനമായ പരിശോധനകളും നടത്തിവരുന്നുണ്ട്;

(ജി) റേഷൻ വിതരണം തടസ്സപ്പെടുന്നതു മൂലം പൊതുമാർക്കറ്റിൽ വിലക്കയറ്റം രൂക്ഷമാകും എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) റേഷൻ വിതരണം തടസ്സപ്പെട്ടിട്ടില്ല;

(എച്ച്) സംസ്ഥാനത്തിന്റെ, വെട്ടിക്കുറച്ച ഭക്ഷ്യധാന്യത്തിന്റെ അളവ് പുനഃസ്ഥാപിക്കുന്നതിനും അനുവദിക്കപ്പെട്ട വിഹിതം പൂർണ്ണമായും കാർഡുടമകൾക്ക് ലഭ്യമാക്കാനും അടിയന്തരനടപടി സ്വീകരിക്കുമോ?

(എച്ച്) വെട്ടിക്കുറച്ച ഭക്ഷ്യധാന്യങ്ങളുടെ അളവ് പുനഃസ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാരിലേക്ക് കത്തിടപാട് നടത്തിയിട്ടുണ്ട്. അനുവദിച്ച വിഹിതം ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ